പതിമൂന്നാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

## ആറാമത് റിപ്പോർട്ട്

('കുട്ടികളുടെ അവകാശങ്ങളും സുരക്ഷിതത്വവും' സംബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്)

(2014 ഫെബ്രുവരി മാസം 6-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

## ആറാമത് റിപ്പോർട്ട്

('കുട്ടികളുടെ അവകാശങ്ങളും സുരക്ഷിതത്വവും'
സംബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്)

(2014 ഫെബ്രുവരി 6-ാം തീയതി സമർപ്പിച്ചത്)

390/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 12 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.

അംഗങ്ങൾ :

| | |
|---|---|
| ശ്രീമതി ഇ. എസ്. ബിജിമോൾ, | എം. എൽ. എ. |
| ഡോ. കെ. ടി. ജലീൽ, | ,, |
| ശ്രീമതി കെ. കെ. ലതിക, | ,, |
| ശ്രീ. സി. മോയിൻകുട്ടി, | ,, |
| ശ്രീമതി കെ. എസ്. സലീഖ, | ,, |
| ശ്രീ. സണ്ണി ജോസഫ്, | ,, |
| ശ്രീ. പി. ഉബൈദുള്ള, | ,, |
| ശ്രീ. എം. പി. വിൻസെന്റ്, | ,, |

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി കവിത ഉണ്ണിത്താൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, അണ്ടർ സെക്രട്ടറി.

## ആമുഖം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

'കുട്ടികളുടെ അവകാശങ്ങളും സുരക്ഷിതത്വവും' സംബന്ധിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2014 ഫെബ്രുവരി 4-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മോൻസ് ജോസഫ്,
*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം
2014 ഫെബ്രുവരി 6.

## റിപ്പോർട്ട്

ഒരു രാഷ്ട്രത്തിന്റെ പുരോഗതിയും വികസനവും നിർണ്ണയിക്കുന്ന അടിസ്ഥാന ഘടകങ്ങളിലൊന്നാണ് കുട്ടികൾ. ആയതിനാൽ അവരുടെ സമഗ്രവികസനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുകയായിരിക്കണം ഒരു രാഷ്ട്രത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങളിലൊന്ന്. കുട്ടികളുടെ അവകാശങ്ങൾ തിരിച്ചറിയുകയും നിയമങ്ങൾമൂലം അവ പരിരക്ഷിക്കുകയും ചെയ്താൽ ഭാവിയിൽ നല്ലൊരു സമൂഹത്തെ വാർത്തെടുക്കുവാൻ സാധിക്കുമെന്നുള്ളതിൽ സംശയമില്ല. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുള്ള പ്രധാന നാഴികക്കല്ലായിരുന്നു 1989-ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ച 'കുട്ടികളുടെ അവകാശ ഉടമ്പടി'. കുട്ടികളുടെ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ ഈ ഉടമ്പടി ഉറപ്പുനൽകുന്നു. 1992-ൽ കുട്ടികളുടെ അവകാശ ഉടമ്പടി അംഗീകരിച്ച് അവരോടുള്ള പ്രതിബദ്ധത രാജ്യം ഉറപ്പിക്കുകയുണ്ടായി.

2. ഒരു വ്യക്തിയുടെ സാമൂഹ്യവൽക്കരണത്തിലെ പ്രഥമ യൂണിറ്റും ആധാരശിലയുമാണ് 'കുടുംബം'. ഇൻഡ്യയിലെ എല്ലാ മതഗ്രന്ഥങ്ങളിലും ഇതിഹാസങ്ങളിലും വ്യക്തിജീവിതത്തിൽ കുടുംബജീവിതത്തിനുള്ള പ്രാധാന്യം അടിവരയിട്ടു പറയുന്നുണ്ട്. അങ്ങനെ പുരാതനകാലം മുതൽക്കേ തികച്ചും മൂല്യബോധത്തോടെയുള്ള ത്യാഗവും സഹനതയും സഹാനുഭൂതിയും കരുണയും സ്നേഹവും ഇഴചേർന്ന് ഒരു ബൃഹത് പ്രായോഗിക പദ്ധതിയിലൂടെയാണ് കുടുംബം എന്ന യൂണിറ്റ് എല്ലാ മതവിഭാഗങ്ങളിലുംപെട്ട ആളുകൾ പരിപോഷിപ്പിച്ചു വന്നിരുന്നത്. നോർവേ പോലെയുള്ള വികസിത രാജ്യങ്ങളിൽ കുട്ടികളുടെ പീഡനത്തിന് അവരുടെ മാതാപിതാക്കൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു എന്ന വാർത്ത കേരളം വർഷങ്ങൾക്കുമുമ്പ് വളരെ ഞെട്ടലോടെയും പരിഹാസത്തോടെയുമാണ് ശ്രവിച്ചത്.

3. ഉപഭോഗസംസ്കാരത്തിന്റെ കടന്നുവരവ് മലയാളിക്ക് സമ്മാനിച്ചത് മൂല്യബോധനിരാസമാണ്. അതിന്റെ നീരാളിപ്പിടുത്തത്തിൽ അണുകുടുംബത്തിലേക്ക് ചേക്കേറാൻ വ്യഗ്രതകൂട്ടിയതും കുടുംബത്തിൽ വ്യക്തിസ്വാതന്ത്ര്യത്തിന് കൂടുതൽ വിലകൽപ്പിക്കപ്പെടുന്നതും കുടുംബശൈഥില്യങ്ങൾക്ക് കാരണമായി. അതോടെ കുടുംബം എന്ന പരിപാവനത്വം കല്പിക്കപ്പെടുന്ന ഇടങ്ങളിലും പീഡനങ്ങൾ പതിവായി. കുട്ടികൾക്കും സ്ത്രീകൾക്കും കുടുംബങ്ങളിൽ ഉണ്ടായിരുന്ന സുരക്ഷിതത്വവും കരുതലും മാറുന്ന സമൂഹത്തിന്റെ കൈകളിലേക്ക് എറിയപ്പെടുന്നു. മലയാളി പഴയ മൂല്യബോധത്തിലേക്ക് തിരികെ പോകണമെന്ന് പറയുന്നത് അപ്രായോഗികമാണ്. കുടുംബങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങൾ സമൂഹത്തിന്റെ കാഴ്ചപ്പാടിലും മാറ്റങ്ങൾ ഉണ്ടാക്കുന്നതിനാൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വം ത്രിശങ്കുവിലാകുന്നു. ആയത് പുതിയ നിയമനിർമ്മാണങ്ങളിലൂടെയും നടപടിക്രമങ്ങളിലൂടെയും മാത്രം മാറ്റാൻകഴിയുമെന്ന് സമിതി കരുതുന്നില്ല. സാമൂഹ്യശാസ്ത്രജ്ഞർ, മതപണ്ഡിതർ, വിദ്യാഭ്യാസവിചക്ഷണർ, ഡോക്ടർമാർ, സാമൂഹ്യസേവകർ, സന്നദ്ധസംഘടനാ പ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ ചിന്തയുടെയും ധാരണയുടെയും അടിസ്ഥാനത്തിൽ പ്രായോഗികമായ ഒരു നയരൂപീകരണം നടത്തി ക്രിയാത്മകമായ പദ്ധതികൾ ആസൂത്രണം ചെയ്ത്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി സാമൂഹ്യനീതി വകുപ്പുദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കുടുംബശ്രീപോലെയുള്ള സംഘടനകൾ, അംഗൻവാടി പ്രവർത്തകർ, അദ്ധ്യാപകർ, യുവജന സംഘടനകൾ, സ്ത്രീ സംഘടനകൾ എന്നിവയിലൂടെയും സ്കൂളുകൾ, മതസ്ഥാപനങ്ങൾ, ഗ്രാമസഭകൾ എന്നിവ വഴിയും നടപ്പാക്കുന്നത് പ്രയോജനകരമായിരിക്കും.

4. 5 വയസ്സുകാരനായ ബാലൻ അച്ഛന്റെയും രണ്ടാനമ്മയുടെയും ക്രൂരമായ പീഡനത്തിനിരയായത് സംബന്ധിച്ച വാർത്തയും കുടുംബങ്ങളിൽ പെൺകുട്ടികൾ സ്വന്തം അച്ഛനിൽ നിന്നുപോലും ലൈംഗികാക്രമണങ്ങൾക്കിരയാകുന്ന സംഭവങ്ങളും ഈ റിപ്പോർട്ടിന്റെ പ്രസക്തി ഇരട്ടിയായി വർദ്ധിപ്പിക്കുന്നു. സമൂഹമനഃസാക്ഷിയെ ഞെട്ടിക്കുന്ന അതിക്രമങ്ങളാണ് കുട്ടികൾക്കുനേരെ പലപ്പോഴും സംഭവിക്കുന്നത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കൂടുതൽ ശക്തമായ നടപടികൾ ശിപാർശ ചെയ്യേണ്ടത് സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ കർത്തവ്യമാണ്. കുട്ടികളുടെ അവകാശധ്വംസനവും അവർക്കുനേരെയുള്ള അതിക്രമങ്ങളും ലൈംഗികപീഡനങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് ഇക്കാര്യം പരിശോധിക്കുന്നതിനും 'കുട്ടികളുടെ അവകാശങ്ങളും സുരക്ഷിതത്വവും' സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് തയ്യാറാക്കുന്നതിനും സമിതി തീരുമാനിച്ചത്. സമിതിയുടെ നിരീക്ഷണത്തിന്റെയും ആനുകാലിക സംഭവങ്ങളുടെ വിലയിരുത്തലുകളുടെയും വെളിച്ചത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും ശിപാർശ കളുമാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

5. പിതാവ്, ഇടുക്കി, കട്ടപ്പന ചപ്പാത്ത് കരിങ്കുളം പുത്തൻപുരയ്ക്കൽ ഷെരീഫിന്റെയും രണ്ടാനമ്മ അലിഷയുടെയും ക്രൂരപീഡനത്തിനിരയായി തലച്ചോറിന്റെ പ്രവർത്തനം 75% നിലച്ച നിലയിലാണ് അഞ്ചുവയസ്സുകാരനായ ഷെഫീക്ക് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടത്. മൂന്ന് വർഷമായി കൊടും പീഡനം അനുഭവിച്ച കുട്ടിയെ ദിവസങ്ങളോളം പട്ടിണിക്കിട്ട് അടിച്ചും ചവിട്ടിയും കമ്പിയിട്ട് കുത്തിയും പരിക്കേൽപ്പിച്ചതിന്റെ അനവധി പാടുകൾ ദേഹമാസകലം കണ്ടെത്തിയിരുന്നു. സംഭവം സംബന്ധിച്ച പത്രവാർത്ത സ്വമേധയാ പരാതിയായി സ്വീകരിച്ച സമിതി ആഭ്യന്തരം, റവന്യൂ എന്നീ വകുപ്പുകളോട് ഈ വിഷയം സംബന്ധിച്ചുള്ള അടിയന്തിര റിപ്പോർട്ട് ആവശ്യപ്പെട്ടു.

6. ഇടുക്കി ജില്ലാ കളക്ടറിൽ നിന്നുള്ള റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി റവന്യൂ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. കുട്ടിയുടെ ചികിത്സ, സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ ഇതുവരെ കൈക്കൊണ്ട നടപടികളിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു. കുട്ടിയുടെ ഭാവി സംബന്ധിച്ച് സമിതിക്കുള്ള വ്യാകുലത രേഖപ്പെടുത്തുന്നതോടൊപ്പം ഷെഫീക്കിന്റെ തുടർന്നുള്ള വിദ്യാഭ്യാസം, സംരക്ഷണം, സുരക്ഷിതത്വം, പരിപാലനം എന്നിവയ്ക്കായി സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് ഒരു വ്യക്തമായ രൂപരേഖ ഉണ്ടാക്കണമെന്നും കുട്ടിയെ സർക്കാരിന് ദത്തെടുക്കുവാൻ സാധിക്കുമോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. കുട്ടികൾക്കെതിരെയുള്ള ഇത്തരം ശാരീരിക ലൈംഗിക അതിക്രമങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച സംയോജിത ശിശുസംരക്ഷണ പരിപാടി സംസ്ഥാനത്ത് അടിയന്തിരമായി ആരംഭിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

8. കുട്ടികൾക്കെതിരെയുള്ള പീഡനം ആവർത്തിക്കാതിരിക്കാൻ ഉതകുന്ന തരത്തിലുള്ള നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുള്ളതായി സമിതി മനസ്സിലാക്കുന്നു. അപ്രകാരമൊരു നിയമനിർമ്മാണം കാലവിളംബംകൂടാതെ നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

9. കുട്ടികളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി നിരവധി പദ്ധതികളും നിയമങ്ങളും നിലവിലുണ്ട്. എന്നാൽ പലപ്പോഴും ഇവ കാലാനുസൃതമായി പരിഷ്കരിക്കപ്പെടാറില്ല എന്നുള്ളത് ഇത്തരം നിയമങ്ങൾ നിർജ്ജീവമാകാൻ കാരണമാകുന്നു. കേരള ചിൽഡ്രൻസ് ആക്ട്, 1972 അതിനൊരുദാഹരണമാണ്. ആയതിനാൽ സംസ്ഥാനത്ത് കുട്ടികൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനായി 'കേരള ചിൽഡ്രൻസ് ആക്ട്, 1972'-ൽ കാലാനുസൃതമായ ഭേദഗതികൾ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. 'കുട്ടികളുടെ അവകാശ ഉടമ്പടി' വകുപ്പ് 28, പ്രകാരവും ഇന്ത്യൻ ഭരണഘടനയുടെ 21(എ) അനുച്ഛേദം വഴിയും ഓരോ കുട്ടിക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം അവകാശമാക്കിയിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ 100 കുട്ടികളിൽ 19 പേർ ഇടയ്ക്കുവച്ച് പഠനം നിർത്തുന്നുവെന്നാണ് കണക്കുകൾ കാണിക്കുന്നത്. ആയതിനാൽ സംസ്ഥാനത്തെ 14 വയസ്സിനുതാഴെയുള്ള എല്ലാ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഈ വിഷയം സംബന്ധിച്ച് വിപുലമായ ഒരു സർവ്വേ സംസ്ഥാനത്തുടനീളം നടത്തണമെന്നും പ്രസ്തുത സർവ്വേയിലെ കണ്ടെത്തലിനനുസൃതമായി അപ്രകാരമുള്ള എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുംവേണ്ടി വിവിധ നിയമങ്ങളും പദ്ധതികളും നിലവിലുണ്ട്. ഇവ ഓരോന്നും കൈകാര്യം ചെയ്യുന്നത് വ്യത്യസ്ത വകുപ്പുകളാണ്. അതിനാൽ അവ ക്രിയാത്മകമായി നടപ്പിലാക്കാൻ കഴിയാതെ വരികയോ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുകയോ ചെയ്യുന്നു. കുട്ടികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികളും നിയമങ്ങളും നടപ്പിലാക്കുവാൻ ഒരു വകുപ്പിന് കീഴിൽ ഇവ ഏകോപിപ്പിക്കേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുട്ടികൾക്കായുളള ക്ഷേമപദ്ധതികളും നിയമങ്ങളും സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഏകോപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

12. 1986-ൽ ബാലവേല നിരോധന നിയമം നിലവിൽ വന്നുവെങ്കിലും നിരോധനം പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിയിട്ടില്ലായെന്ന് സമിതി വിലയിരുത്തുന്നു. സാമൂഹ്യപരമോ സാമ്പത്തികമോ കുടുംബപരമോ ആയ കാരണങ്ങളാണ് കുട്ടികളെ തൊഴിൽമേഖലയിലെത്തിക്കുന്നത്. ബാലവേല നിരോധന നിയമം ഫലപ്രാപ്തി

യിലെത്തണമെങ്കിൽ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതു ണ്ടെന്ന് സമിതി വിലയിരുത്തുന്നു. വിവിധ തൊഴിൽമേഖലകളിൽ പണിയെടുക്കുന്ന കുട്ടികളെ കണ്ടെത്തി മോചിപ്പിക്കുന്നതിന് ലേബർ ഓഫീസർ ഉൾപ്പെടുന്ന 'ബാലവേല നിരീക്ഷണ സമിതികൾ' പ്രാദേശികതലങ്ങളിൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ബാലവേല, ഭിക്ഷാടനം എന്നിവയിൽനിന്നും മോചിപ്പിക്കപ്പെടുന്ന കുട്ടികളുടെ പുനരധിവാസവും സംരക്ഷണവും അവരിൽ മുന്നോട്ടുള്ള ജീവിതത്തിന് ശരിയായ ഒരു ദിശാബോധം വളർത്തുന്നതിന് അത്യന്താപേക്ഷിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കണമെന്നും അവർക്ക് ആവശ്യമായ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി സ്വയംപര്യാപ്തരാക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കണ മെന്നും നിലവിലുള്ള ചിൽഡ്രൻസ് ഒബ്സർവേഷൻ ഹോമുകൾ വിപുലീകരിക്കുന്ന തിനും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. കുട്ടികളുടെ അവകാശ ഉടമ്പടിയിലെ വകുപ്പ് 24-ൽ നല്ല നിലവാരമുള്ള ആരോഗ്യസംരക്ഷണം, ശുദ്ധജലം, പോഷകമൂല്യമുള്ള ഭക്ഷണം, ശുചിത്വമുള്ള പരിസ്ഥിതി എന്നിവ കുട്ടികൾക്ക് അവകാശമാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ നിരവധി വിദ്യാലയങ്ങളിൽ കുട്ടികളുടെ പ്രാഥമിക ആവശ്യത്തിന് മതിയായ സൗകര്യമില്ലാത്ത സ്ഥിതിയാണുള്ളത്. പല സ്കൂളുകളിലും വൃത്തിയുള്ള ടോയ്‌ലറ്റ് സംവിധാനത്തിന്റെ അപര്യാപ്തതയും, ശുദ്ധജല ദൗർലഭ്യവും നേരിടുന്നുവെന്നത് സമിതിക്കു ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. കൂടാതെ ടോയ്‌ലറ്റ് സംവിധാനങ്ങൾ വിദ്യാലയങ്ങളിൽനിന്നും വളരെ അകലെയായി സ്ഥിതിചെയ്യുന്നതും കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. അതിനാൽ എല്ലാ വിദ്യാലയങ്ങളിലും ശുദ്ധജലവും വൃത്തിയുള്ള ടോയ്‌ലറ്റ് സംവിധാനവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണ മെന്നും സംസ്ഥാനത്തെ മുഴുവൻ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും ഇക്കാര്യം സമയബന്ധിതമായി നടപ്പാക്കാൻ വിദ്യാഭ്യാസ-തദ്ദേശസ്വയംഭരണ വകുപ്പുകൾ സംയുക്തമായി പരിശോധിച്ച് ഒരു സ്പെഷ്യൽ പാക്കേജിന് രൂപം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. ആരോഗ്യമുള്ള ഭാവിതലമുറയെ വാർത്തെടുക്കുന്നതിന് കുട്ടികളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. വ്യക്തിശുചിത്വം, ആരോഗ്യ പരിപാലനം തുടങ്ങിയവയിൽ ബോധവൽക്കരണ ക്ലാസുകൾ സ്കൂൾതലത്തിൽ നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 'മൊബൈൽ ഹെൽത്ത് ക്ലിനിക്കുകൾ' രൂപീകരിച്ച് മാസത്തിലൊരിക്കൽ കുട്ടികൾക്ക് വൈദ്യപരിശോധനയും ബോധവത്കരണവും നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. വിദ്യാലയങ്ങളിൽ അദ്ധ്യാപകരാലും സഹവിദ്യാർത്ഥികളാലും മറ്റ് ജീവനക്കാരാലും ശാരീരികമായും മാനസികമായും കുട്ടികൾ പീഡിപ്പിക്കപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ലഭിച്ചത് സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ഇതിനെതിരെ നിയമങ്ങൾ നിലവിലുണ്ടെങ്കിലും പലപ്പോഴും അവ പാലിക്കപ്പെടുന്നില്ലെന്നുള്ളതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുന്നു. ഇത്തരം പീഡനങ്ങൾ യഥാസമയം ക്ലാസ് ടീച്ചർ/സ്കൂൾ ഹെഡ്മാസ്റ്റർ/പി.ടി.എ. ഭാരവാഹികൾ എന്നിവർക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് കുട്ടികളിൽ ബോധവൽക്കരണം ഫലവത്തായി നടത്തണമെന്നും ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സംഭവങ്ങൾ അടിയന്തിരമായി പി.ടി.എ. യോഗം ചേർന്ന് പരിശോധിച്ച് ക്രിയാത്മകമായ നടപടികൾ സ്വീകരിച്ച് ഉന്നതാധികാരികൾക്ക് റിപ്പോർട്ട് ചെയ്യണമെന്നും അവയ്ക്കുമേൽ ഇപ്പോഴുള്ള നിയമവ്യവസ്ഥയ്ക്കനുസൃതമായി അടിയന്തിരനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

17. അജ്ഞതമൂലമോ തെറ്റായ അറിവുമൂലമോ കൗമാരക്കാരാണ് ഏറ്റവും അധികം ലൈംഗിക ചൂഷണത്തിന് വിധേയരാവുന്നത്. ഈ പ്രായത്തിൽ ശരിയായ ലൈംഗിക വിദ്യാഭ്യാസം നൽകുകവഴി ഇത്തരം ചൂഷണങ്ങളിൽനിന്ന് രക്ഷനേടുന്നതിന് അവരെ സഹായിക്കുവാൻ സാധിക്കും. ആയതിനാൽ ലൈംഗിക വിദ്യാഭ്യാസം കൗമാരക്കാരായ വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. പീഡനത്തിനിരയാകുന്ന കുട്ടികളും അവരുടെ രക്ഷിതാക്കളും പ്രതികളുടെ ഭാഗത്ത് നിന്നുണ്ടായേക്കാവുന്ന പ്രതികാരനടപടികളോ ഭീഷണിയോ സമൂഹത്തിൽ നേരിടേണ്ടി വന്നേക്കാവുന്ന അവഹേളനമോ ഭയന്ന് പലപ്പോഴും അത്തരം സംഭവങ്ങൾ പുറത്തുപറയുന്നതിൽ വിമുഖത കാട്ടാറുണ്ട്. ഇത് പ്രതികൾ രക്ഷപ്പെടുന്നതിനും കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടുന്നതിനും കാരണമാകുന്നു. ആയതിനാൽ ഇത്തരം കുറ്റകൃത്യങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നതിനും പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനും സഹായകമാകും വിധമുള്ള ബോധവൽക്കരണ പരിപാടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾവഴിയും വിവിധ മാധ്യമങ്ങളിലൂടെയും നടപ്പിൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. അനാഥരായ കുട്ടികളെ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ കടമയാണ്. ഇത്തരം കുട്ടികൾ വളരെ എളുപ്പം പലവിധ ചൂഷണങ്ങൾക്കും ഇരയാകുന്നതായി സമിതി മനസ്സിലാക്കുന്നു. ഇവരുടെ പുനരധിവാസം, വിദ്യാഭ്യാസം, സംരക്ഷണം എന്നിവയ്ക്കായി നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കുകയും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. കുട്ടികളുടെ അവകാശ ഉടമ്പടിയിലെ വകുപ്പ് 34-ൽ ലൈംഗിക ചൂഷണങ്ങളിൽ നിന്നും കുട്ടികൾക്ക് സംരക്ഷണം ഉറപ്പ് നൽകുന്നു. കുട്ടികൾ ലൈംഗിക ചൂഷണത്തിനിരയാകുന്ന സംഭവങ്ങൾ ഏറിവരുന്നതായി വാർത്തകൾ തെളിയിക്കുന്നു. ചൂഷണത്തിനിരയാകുന്ന കുട്ടികൾക്ക് ആവശ്യമായ വൈദ്യസഹായവും നിയമസഹായവും നൽകുന്നതിനായി നിയമോപദേശകരും സാമൂഹ്യപ്രവർത്തകരും ഉൾപ്പെടുന്ന 'ചൈൽഡ് ലീഗൽ എയിഡ് ആന്റ് ഗൈഡ്ലൈൻ കമ്മിറ്റി' രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങളിലൊന്നാണ് യാത്രാവേളകളിൽ അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ. വാഹനങ്ങളിൽ കുട്ടികളെ കുത്തിനിറച്ച് യാത്ര ചെയ്യുന്നത് നിരവധി അപകടങ്ങൾക്ക് കാരണമായിട്ടുണ്ട്. പോലീസ്-മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റുകളുടെ സംയുക്ത പ്രവർത്തനത്തിലൂടെ വാഹന പരിശോധന നടത്തി യാത്രാസംബന്ധമായ വിവിധ പരാതികൾ പരിഹരിച്ച് കുട്ടികൾക്ക് സുരക്ഷിതത്വത്തോടെയും സൗകര്യപ്രദമായും യാത്ര ചെയ്യുന്നതിനുതകുന്ന സാഹചര്യം സൃഷ്ടിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

22. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നതോടൊപ്പം അത്തരം കേസുകളുടെ എണ്ണവും വർദ്ധിക്കുകയാണ്. എന്നാൽ ഈ കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും ലൈംഗികപീഡനവും സംബന്ധിച്ച കേസുകൾ ദ്രുതഗതിയിൽ കൈകാര്യം ചെയ്യുന്നതിനും നിയമ നടപടികൾ പൂർത്തിയാക്കി ശിക്ഷ നടപ്പിലാക്കുന്നതിനും ജില്ലാ കോടതികളോടനുബന്ധിച്ച് 'അതിവേഗ കോടതി' സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. ശാരീരികമോ മാനസികമോ ആയ വൈകല്യമുള്ള കുട്ടികളുടെ സംരക്ഷണം പ്രത്യേക പരിഗണന അർഹിക്കുന്നതാണ്. എന്നാൽ ഇത്തരം കുട്ടികൾ ചൂഷണം ചെയ്യപ്പെടുന്ന നിരവധി സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്നു. പ്രത്യേക പരിചരണവും സംരക്ഷണവും ആവശ്യമായ ഈ കുട്ടികളോടുള്ള ക്രൂരത തടയേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ ശാരീരിക-മാനസിക വൈകല്യമുള്ള കുട്ടികൾ ഏതെല്ലാം തലങ്ങളിൽ ചൂഷണം ചെയ്യപ്പെടുന്നു എന്ന് പരിശോധിച്ച് കണ്ടെത്തി അതാതുതലങ്ങളിൽ പ്രായോഗികമായ പരിഹാര മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകണമെന്നും അവ നടപ്പിലാക്കുന്നതിന് ഫലപ്രദമായ ഒരു നിരീക്ഷണസംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇത്തരം കേസ്സുകളിൽ കുറ്റക്കാരായി കണ്ടെത്തുന്നവർക്കെതിരെ സമയബന്ധിതമായി കർശന ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

24. വികലാംഗരായ കുട്ടികളുടെ അവകാശനിഷേധത്തിനെതിരെ നിരവധി പരാതികൾ സമിതിക്ക് ലഭിച്ചിട്ടുണ്ട്. ഇവർക്ക് ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമപദ്ധതികളുടെ പ്രയോജനം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചമൂലം പലപ്പോഴും ഫലപ്രദമായി അവരിലേക്ക് എത്തുന്നില്ല എന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും നിരുത്തരവാദപരമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി കർശന വകുപ്പുതല ശിക്ഷാനടപടികൾ സമയബന്ധിതമായി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. കുട്ടികൾക്കെതിരായ ലൈംഗികാക്രമണം, ചൂഷണം, വിവേചനം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് അവരെ ബോധവൽക്കരിക്കേണ്ടത് അനിവാര്യമാണ്. പല രക്ഷിതാക്കളും ഇത്തരം കാര്യങ്ങൾ കുട്ടികളെ പറഞ്ഞു മനസ്സിലാക്കുന്നതിൽ

അജ്ഞരാണ്. അതിനാൽ 'നിർഭയ' പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണം സംബന്ധിച്ച് സർക്കാർ സ്കൂളുകളിൽ ഇപ്പോൾ നടപ്പിലാക്കി വരുന്ന നടപടിക്രമങ്ങൾ എല്ലാം സ്വകാര്യ സ്കൂളുകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ഇന്റർനെറ്റ്, ടെലിവിഷൻ, സിനിമ തുടങ്ങിയവ കുട്ടികളുടെ സ്വഭാവ രൂപീകരണത്തെ വളരെയധികം സ്വാധീനിക്കുന്നവയാണ്. ഇവ പലതും സാന്മാർഗ്ഗിക ബോധത്തിനു പകരം അക്രമവാസനയും മദ്യാസക്തിയും ലൈംഗികവിഷയങ്ങളോടുള്ള താൽപ്പര്യവും വളർത്തുന്നതിനാണ് ഇടവരുത്തുന്നത്. മലയാളത്തിലെ സ്വകാര്യ ടെലിവിഷൻ ചാനലുകളിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്ന സീരിയലുകളും മറ്റു പല പരിപാടികളും കുടുംബമധ്യത്തിൽ ഇരുന്ന് കാണുന്നതിന് കഴിയാത്തവിധം അശ്ലീലവും അസാൻമാർഗ്ഗികതയും ക്രൂരതയും കുത്തിനിറച്ച് കുട്ടികളിൽ വളരെ ദുഃസ്വാധീനം ചെലുത്തുന്നുണ്ടെന്ന് സമിതി കണ്ടെത്തുകയും വാണിജ്യ താത്പര്യം മാത്രം മുൻനിർത്തി പരസ്യങ്ങളുടെ ആകർഷണത്തിനായി റേറ്റിംഗ് വർദ്ധിപ്പിച്ച് നിർമ്മിക്കപ്പെടുന്ന ഇത്തരം പരിപാടികൾ സംപ്രേഷണത്തിനു മുൻപ് പരിശോധിച്ച് സെൻസറിംഗ് നടത്തുന്നതിന് ഇപ്പോൾ കാര്യക്ഷമമായ സംവിധാനം ഇല്ലായെന്ന് സമിതി വിലയിരുത്തുന്നു. ബന്ധപ്പെട്ടവർ അടിയന്തിര ശ്രദ്ധചെലുത്തി ആയത് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. മലയാളം ടെലിവിഷൻ ചാനലുകളിൽ സംഗീതം, നൃത്തം എന്നീ രംഗങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തപ്പെടുന്ന റിയാലിറ്റി ഷോകൾ നിയന്ത്രിക്കണമെന്നാവശ്യപ്പെട്ട് ബഹു. നിയമസഭാംഗം ഡോ. എൻ. ജയരാജ് സമിതിക്ക് പരാതി നൽകുകയുണ്ടായി.

28. റിയാലിറ്റി ഷോകളിൽ പങ്കെടുക്കുന്ന കുട്ടികളിലും അവരുടെ രക്ഷാകർത്താക്കൾക്കിടയിലും ഉണ്ടാകുന്ന മാനസികസംഘർഷം മുൻനിർത്തി സമിതി ഈ വിഷയത്തിൽ സാമൂഹ്യനീതിവകുപ്പിന്റെ അഭിപ്രായം തേടുകയും തുടർന്ന് വകുപ്പുദ്യോഗസ്ഥരിൽനിന്നും തെളിവെടുക്കുകയുമുണ്ടായി.

29. റിയാലിറ്റി ഷോകൾ നടത്തുന്നതിൽ പരസ്പരം മത്സരിക്കുന്ന ചാനലുകൾ ഒരു കോടി രൂപവരെ വിലയുള്ള ഫ്ളാറ്റോ, സ്വർണ്ണനാണയങ്ങളോ സമ്മാനമായി വാഗ്ദാനം ചെയ്ത് കേവലം ബിസിനസ് താല്പര്യങ്ങൾക്ക് മുൻതൂക്കം കൊടുത്ത് വ്യാപകമായ എസ്.എം.എസിലൂടെ പ്രതിഭകളെ കണ്ടെത്തുന്ന രീതിയാണിന്നുള്ളതെന്ന് സമിതി മനസ്സിലാക്കി.

30. ഇത് കുട്ടികളിൽ വലിയ മത്സരബുദ്ധി ഉണ്ടാക്കുന്നതായും കുട്ടികളെ മാത്രമല്ല രക്ഷാകർത്താക്കളെയും വല്ലാത്ത മാനസികസംഘർഷത്തിലേക്ക് നയിക്കുന്നതായും കുറച്ചുകൂടി പെർഫോം ചെയ്തിരുന്നെങ്കിൽ സമ്മാനം ലഭിക്കുമായിരുന്നു എന്നുപറഞ്ഞ് കുട്ടിയെ വീട്ടിനുള്ളിൽത്തന്നെ ഒറ്റപ്പെടുത്തുന്ന തരത്തിലുള്ള പ്രവണത പല രക്ഷാകർത്താക്കളുടെയും ഭാഗത്തുനിന്നും ഉണ്ടാകുന്നതായും സമിതിക്ക് ബോദ്ധ്യപ്പെട്ടു. സംഗീതം അടിസ്ഥാനപ്പെടുത്തിയ ഷോകളിൽത്തന്നെ നൃത്തംചെയ്യേണ്ടിയും വരുന്നതിനാൽ കുട്ടികൾക്ക് ട്രെയിനിംഗ് നൽകുന്നതിനും വിവിധ അലങ്കാര വേഷവിധാനങ്ങൾക്കും വളരെയധികം സാമ്പത്തിക ചെലവുണ്ടാകുന്നതായും സമിതി കണ്ടെത്തി.

31. സംഗീതവുമായി യാതൊരു ബന്ധവുമില്ലാതെ വിധികർത്താക്കളായി വരുന്ന ആളുകൾ നാലും അഞ്ചും വയസ്സുള്ള കുട്ടികളെക്കൊണ്ട് പാട്ട് പാടിച്ചശേഷം സംഗീതം ശരിയായില്ല എന്ന വിലയിരുത്തലിലൂടെ കുഞ്ഞുങ്ങളുടെ സർഗ്ഗാത്മകത വളരെ ചെറുപ്പത്തിൽത്തന്നെ നശിപ്പിക്കുകയാണ് ചെയ്യുന്നതെന്നും ഇത് കുട്ടികളെ നെഗറ്റീവ് മൈന്റിലേക്ക് കൊണ്ടുപോകുന്നതുകാരണം മത്സരത്തിൽ പങ്കെടുത്ത പല കുട്ടികളും പിന്നീട് സൈക്യാട്രിസ്റ്റുകളുടെ ചികിത്സയ്ക്ക് വിധേയരാകുന്നുണ്ടെന്നതും സമിതിക്ക് ഉത്കണ്ഠ ജനിപ്പിച്ചു.

32. ഇത്തരം ഷോയിൽ മത്സരവിജയിയായി ഒരു കോടി രൂപയുടെ ഫ്ളാറ്റ് ലഭിച്ച കുട്ടി ആയത് രജിസ്റ്റർ ചെയ്യാൻ കഴിയാതെ വിറ്റപ്പോൾ വെറും 30 ലക്ഷം രൂപ മാത്രമേ ലഭിച്ചുള്ളൂ എന്ന വാർത്തയും സമിതിക്ക് ഞെട്ടൽ ഉളവാക്കി.

33. ആയതിനാൽ ഇത്തരം ഷോകളിൽ നിന്നും എസ്.എം.എസ്. പൂർണ്ണമായും ഒഴിവാക്കി കുട്ടികളുടെ സർഗ്ഗാത്മകത മാത്രം പരിശോധിക്കപ്പെടുന്നതിനായി പരിമിതപ്പെടുത്തണമെന്നും മത്സരത്തിന് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യത ആരായണമെന്നും വ്യത്യസ്തവും വിലപിടിപ്പുള്ളതുമായ വേഷങ്ങളും അലങ്കാരങ്ങളും ഒഴിവാക്കി കുട്ടികളുടെ മാനസികാവസ്ഥകൂടി പരിഗണിക്കാൻ കഴിയുന്ന വിധികർത്താക്കളെ ഉൾപ്പെടുത്തി അവരുടെ സർഗ്ഗാത്മകതയ്ക്ക് മുൻതൂക്കം നൽകുന്നവിധത്തിൽ വിധിനിർണ്ണയം നടത്തണമെന്നും മറ്റഭിപ്രായങ്ങൾ പൊതുവേദിയിൽ ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

34. റിയാലിറ്റി ഷോയുടെ സംഘാടകർ, മത്സരാർത്ഥികളായ കുട്ടികൾ, വിധികർത്താക്കൾ, ശിശുമനഃശാസ്ത്രജ്ഞർ, കലാകാരൻമാർ, വിദ്യാഭ്യാസമേഖലയിലെ പ്രമുഖർ, നിയമവിദഗ്ദ്ധർ എന്നിവരെ പങ്കെടുപ്പിച്ച് ഒരു ശില്പശാല സംഘടിപ്പിക്കുന്നതിനും ആയതിലേക്ക് സാംസ്കാരിക വകുപ്പിന്റെയും ചൈൽഡ് റൈറ്റ്സ് കമ്മീഷൻ ചെയർപേഴ്സന്റെയും അഭിപ്രായങ്ങൾ തേടുന്നതിനും സാമൂഹ്യനീതി വകുപ്പ് ശ്രമിക്കുന്നതായി സമിതി മനസ്സിലാക്കി.

35. ഈ വിഷയത്തിലെ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി മീഡിയായെക്കൂടി ഉൾക്കൊള്ളിച്ച് തുറന്ന ചർച്ചകൾ ജില്ലാടിസ്ഥാനത്തിൽ നടത്തണമെന്നും മേൽ സൂചിപ്പിച്ച ശില്പശാല അടിയന്തിരമായി സംഘടിപ്പിച്ച് തുടർനടപടികൾ കൈക്കൊള്ളണമെന്നും നിയന്ത്രണങ്ങൾക്ക് ആവശ്യമെങ്കിൽ നിയമനിർമ്മാണംകൂടി നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

36. ഇന്റർനെറ്റ് സൗകര്യം പ്രയോജനപ്പെടുത്തി സോഷ്യൽ മീഡിയകളിലൂടെ കുട്ടികൾ വിവിധതരത്തിൽ ചൂഷണം ചെയ്യപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ഗൗരവമർഹിക്കുന്ന ഒരു വിഷയമാണ്. ഇപ്രകാരം ചൂഷണം ചെയ്യപ്പെടുന്നത് സംബന്ധിച്ച് മുന്നറിയിപ്പ് നൽകിയുള്ള ബോധവൽക്കരണം ഇന്നത്തെ സൈബർ യുഗത്തിൽ അതിപ്രാധാന്യമർഹിക്കുന്നു.

37. കൂടാതെ കുട്ടികളെ വഴിതെറ്റിക്കുന്ന രീതിയിലുള്ള എണ്ണമറ്റ സൈറ്റുകൾ ഇന്റർനെറ്റുവഴി അവർക്ക് പ്രാപ്യമാണ് എന്ന വസ്തുതയും വിസ്മരിക്കാവുന്നതല്ല. പക്വത ആർജ്ജിക്കുന്നതിന് മുമ്പുള്ള പ്രായത്തിൽ ഇത്തരം സൈറ്റുകളുടെ ലഭ്യത അവരെ വിവേകപൂർണ്ണമല്ലാത്ത തീരുമാനങ്ങളിലേക്കും തുടർന്ന് ഒറ്റപ്പെടലിനും സമ്മർദ്ദങ്ങൾക്കും വിധേയമായി ആത്മഹത്യാപരമായ വഴികളിലേക്ക് നയിക്കപ്പെടുന്നതും സാധാരണമാണ്.

38. അതിനാൽ ഇത്തരം സൈറ്റുകളുടെ പ്രാപ്യതയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് ഐ.റ്റി. വിദഗ്ധർ, സാമൂഹ്യ പ്രവർത്തകർ, സൈബർ നിയമവിദഗ്ധർ, മനഃശാസ്ത്രജ്ഞ വിദഗ്ധർ, ആഭ്യന്തര വകുപ്പിലെ സൈബർ വിഭാഗം എന്നിവരുമായി കൂടിയാലോചിച്ച് പരിശോധിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. ഇന്റർനെറ്റ് ഉപയോഗത്തിന്റെ ദൂഷ്യങ്ങൾ സംബന്ധിച്ച് കുട്ടികളും മാതാപിതാക്കളും ഉൾപ്പെടെയുള്ള പൊതുജനത്തെ ബോധവൽക്കരിക്കുന്നതിനായി റേഡിയോ, ടെലിവിഷൻ, പത്രമാധ്യമങ്ങൾ വഴിയും സർക്കാർ സൈറ്റുകളിലൂടെയും പ്രചരണം നടത്തണമെന്നും ഇത്തരത്തിലുള്ള പ്രചരണങ്ങളിൽ ഇന്റർനെറ്റിന്റെയും സോഷ്യൽ മീഡിയയുടെയും ഉപയോഗം വ്യക്തിസ്വാതന്ത്ര്യത്തിന്റെ പരിധി കടക്കുന്നത് ശിക്ഷാനടപടികളെ ക്ഷണിച്ചുവരുത്തുമെന്ന് വ്യക്തമാക്കേണ്ടതാണ് എന്നും സമിതി നിർദ്ദേശിക്കുന്നു.

40. പരസ്യങ്ങൾ കുട്ടികളെ സ്വാധീനിക്കുന്ന മറ്റൊരു ഘടകമാണ്. പല പരസ്യങ്ങളും കുട്ടികളിൽ മിഥ്യാധാരണ വളർത്തുന്നതായി സമിതി വിലയിരുത്തുന്നു. പരസ്യ പ്രസിദ്ധീകരണത്തിന്റെ അനുവദനീയത സംബന്ധിച്ച മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും അവ ലംഘിക്കുന്നവർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

41. 'യംഗ് പേഴ്സൺസ് (ഹാംഫുൾ പബ്ലിക്കേഷൻസ്) ആക്ട്, 1956' നിലവിലുണ്ടെങ്കിലും കുട്ടികളുടെ സ്വഭാവ രൂപീകരണത്തിന് ഹാനികരമായ പ്രസിദ്ധീകരണങ്ങൾ അനുദിനം വർദ്ധിച്ചുവരുന്നതായാണ് സമിതി മനസ്സിലാക്കുന്നത്. 20 വയസ്സിനുതാഴെയുള്ളവരെ വഴിതെറ്റിക്കുന്ന തരത്തിലുള്ള എല്ലാ പ്രസിദ്ധീകരണങ്ങളും തടയുന്നതിനും കണ്ടെത്തി നശിപ്പിക്കുന്നതിനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. സംസ്ഥാനത്ത് ഇത്തരം പ്രസിദ്ധീകരണങ്ങൾ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതോടൊപ്പം ഇതിനായി കൂടുതൽ കർശനനടപടികൾ സ്വീകരിക്കുന്നതിലേക്ക് ആവശ്യമായ നിയമഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

42. മൊബൈൽ ഫോണിന്റെ ദുരുപയോഗംമൂലമുള്ള ഭവിഷ്യത്തുകൾ വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരികയാണ്. വിദ്യാലയങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗത്തിന്റെ നിയന്ത്രണം ഫലപ്രദമാകുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയത് ദൂരീകരിക്കുന്നതിനുതകുന്ന വിധത്തിലുള്ള പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43. മൊബൈൽ ഫോൺ ദുരുപയോഗം ചെയ്യുന്നതുമൂലമുള്ള ഭവിഷ്യത്തുകളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിന് ആവശ്യമായ പ്രചരണം ദൃശ്യ-ശ്രവ്യ പത്രമാധ്യമങ്ങളിലൂടെ നിരന്തരമായി നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

44. രാഷ്ട്രത്തിന്റെ സമ്പത്തായ കുട്ടികൾ ഉത്തമ പൗരന്മാരായി വളരാൻ ഉതകുന്നവിധം സ്കൂൾ സിലബസിൽ മഹാന്മാരുടെ ജീവിതസംബന്ധിയായ ഉൾക്കാഴ്ചകളും അഭിപ്രായങ്ങളുമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തണമെന്നും അങ്ങനെ അവർക്ക് ശരിയായ ജീവിതാവബോധവും സമൂഹത്തോട് ഉത്തരവാദിത്വവും ഉണ്ടാകുംവിധം സിലബസ് പുനഃസംവിധാനം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു

45. കുട്ടികൾ പ്രതികളാകുന്ന കേസ്സുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് അവർക്കിടയിൽ അക്രമവാസന കൂടുന്നു എന്നതിന് തെളിവാണ്. ജുവനൈൽ ജസ്റ്റിസ് ആക്ടനുസരിച്ച് സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും ജില്ലാടിസ്ഥാനത്തിലും നിലവിലുള്ള സംവിധാനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മതിയായ പരിശീലനംനൽകി കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ഉന്നമനത്തിനായി കേന്ദ്ര/ സംസ്ഥാന സർക്കാരുകൾ 'സബ്‌ല' പോലുള്ള പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. കൗമാരപ്രായക്കാരായ ആൺകുട്ടികൾക്കും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കൗമാരക്കാരായ ആൺകുട്ടികളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽവരുത്താനും പെൺകുട്ടികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനും സത്വരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. അനാഥരായ കുട്ടികളെ സംരക്ഷിക്കാൻ നിലവിലുള്ള ശിശുക്ഷേമസമിതികളുടെ പ്രവർത്തനം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ശിശുക്ഷേമസമിതി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന 'സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി'-യുടെ രൂപീകരണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. കേരളത്തിൽ ഒട്ടേറെ അനധികൃത അനാഥാലയങ്ങൾ പ്രവർത്തിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം സ്ഥാപനങ്ങളെ അടിയന്തരമായി കണ്ടെത്തി അനധികൃതമായി പാർപ്പിച്ചിരിക്കുന്ന കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖേന അംഗീകൃത സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത നടപടിയുടെ വിശദാംശങ്ങൾ അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്നും ശിപാർശ ചെയ്യുന്നു. മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്ന സ്ഥാപനങ്ങൾക്ക് ഔദ്യോഗിക അംഗീകാരം നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കണമെന്നും മാനദണ്ഡങ്ങൾ പാലിക്കാത്ത അനധികൃത സ്ഥാപനങ്ങൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

49. കാൻസർ രോഗത്തിന് കീമോതെറാപ്പിയും, വൃക്കസംബന്ധമായ രോഗത്തിന് ഡയാലിസിസും ചെയ്യുന്ന കുട്ടികൾ, എച്ച്.ഐ.വി. ബാധിതരായ കുട്ടികൾ തുടങ്ങി മാരകരോഗം ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നിരവധിയാണ്. അതിനാൽ സ്വകാര്യ/സർക്കാർ മേഖലയിൽ ജോലിചെയ്യുന്ന ഇത്തരം കുട്ടികളുള്ള അമ്മമാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുംബങ്ങളിലെ തീരാരോഗം ബാധിച്ച കുട്ടികൾക്ക് ചികിത്സയ്ക്കുവേണ്ടി സാമ്പത്തികസഹായം അനുവദിക്കാൻ ചികിത്സാ സഹായ പദ്ധതി ആവിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

50. അണുകുടുംബങ്ങളുടെ കാലമായതുകൊണ്ടുതന്നെ ഉദ്യോഗസ്ഥരായ രക്ഷിതാക്കൾക്ക് കുട്ടികളെ പരിപാലിക്കുന്നതിന് ആവശ്യമായ സമയം കണ്ടെത്തുവാൻ കഴിയുന്നില്ല. അതിനാൽ കുട്ടികളെ കൂടുതൽ ശ്രദ്ധിക്കുന്നതിനും പരിപാലിക്കുന്നതിനുമായി രക്ഷിതാക്കളുടെ സൗകര്യാർത്ഥം സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളോടനുബന്ധിച്ച് അവശ്യംവേണ്ട സ്ഥാപനങ്ങളിൽ ശിശുസംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മോൻസ് ജോസഫ്,

*ചെയർമാൻ,*

*സ്ത്രീകളുടെയും കുട്ടികളുടെയും*

*വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2014 ഫെബ്രുവരി 4.

അനുബന്ധം

## സമിതിയുടെ ശിപാർശകളും/നിർദ്ദേശങ്ങളും അവയുമായി ബന്ധപ്പെട്ട വകുപ്പുകളും

| *ക്രമ നമ്പർ* | *ശിപാർശകൾ/നിർദ്ദേശങ്ങൾ* | *ഖണ്ഡിക നമ്പർ* | *ബന്ധപ്പെട്ട വകുപ്പ്* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഷെഫീക്കിന്റെ തുടർന്നുള്ള വിദ്യാഭ്യാസം, സംരക്ഷണം, സുരക്ഷിതത്വം, പരിപാലനം എന്നിവയ്ക്കായി സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് ഒരു വ്യക്തമായ രൂപരേഖയുണ്ടാക്കണമെന്നും കുട്ടിയെ സർക്കാരിന് ദത്തെടുക്കുവാൻ സാധിക്കുമോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 6 | സാമൂഹ്യനീതി |
| 2 | കേന്ദ്രസർക്കാർ ആവിഷ്കരിച്ച സംയോജിത ശിശുസംരക്ഷണ പരിപാടി സംസ്ഥാനത്ത് അടിയന്തിരമായി ആരംഭിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. | 7 | ,, |
| 3 | അപ്രകാരമൊരു നിയമനിർമ്മാണം കാലവിളംബം കൂടാതെ നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | 8 | ,, |
| 4 | ആയതിനാൽ സംസ്ഥാനത്ത് കുട്ടികൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനായി കേരള ചിൽഡ്രൻസ് ആക്ട്, 1972-ൽ കാലാനുസൃതമായ ഭേദഗതികൾ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 9 | ,, |
| 5 | ആയതിനാൽ സംസ്ഥാനത്തെ 14 വയസ്സിനു താഴെയുള്ള എല്ലാ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഈ വിഷയം സംബന്ധിച്ച് വിപുലമായ ഒരു സർവ്വേ സംസ്ഥാനത്തുടനീളം നടത്തണമെന്നും | 10 | സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം |

| (1) | (2) | (3) | (4) |
|---|---|---|---|
| | പ്രസ്തുത സർവ്വേയിലെ കണ്ടെത്തലിനനുസൃതമായി അപ്രകാരമുള്ള എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | | |
| 6 | ആയതിനാൽ, കുട്ടികൾക്കായുള്ള ക്ഷേമ പദ്ധതികളും നിയമങ്ങളും സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഏകോപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | 11 | സാമൂഹ്യനീതി, പൊതുഭരണം |
| 7 | വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന കുട്ടികളെ കണ്ടെത്തി മോചിപ്പിക്കുന്നതിന് ലേബർ ഓഫീസർ ഉൾപ്പെടുന്ന 'ബാലവേല നിരീക്ഷണ സമിതികൾ' പ്രാദേശിക തലങ്ങളിൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 12 | സാമൂഹ്യനീതി, തൊഴിലും പുനരധിവാസവും |
| 8 | ഇത്തരം കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കണമെന്നും അവർക്ക് ആവശ്യമായ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി സ്വയം പര്യാപ്തരാക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കണമെന്നും നിലവിലുള്ള ചിൽഡ്രൻസ് ഒബ്സർവേഷൻ ഹോമുകൾ വിപുലീകരിക്കുന്നതിനും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 13 | സാമൂഹ്യനീതി |
| 9 | അതിനാൽ എല്ലാ വിദ്യാലയങ്ങളിലും ശുദ്ധജലവും വൃത്തിയുള്ള ടോയ്‌ലറ്റ് സംവിധാനവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സംസ്ഥാനത്തെ മുഴുവൻ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും ഇക്കാര്യം സമയബന്ധിതമായി നടപ്പാക്കാൻ വിദ്യാഭ്യാസ-തദ്ദേശസ്വയംഭരണ വകുപ്പുകൾ സംയുക്തമായി പരിശോധിച്ച് ഒരു സ്പെഷ്യൽ പാക്കേജിന് രൂപം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 14 | പൊതുവിദ്യാഭ്യാസം തദ്ദേശസ്വയംഭരണം |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 'മൊബൈൽ ഹെൽത്ത് ക്ലിനിക്കുകൾ' രൂപീകരിച്ച് മാസത്തിലൊരിക്കൽ കുട്ടികൾക്ക് വൈദ്യപരിശോധനയും ബോധവത്കരണവും നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 15 | ആരോഗ്യവും കുടുംബക്ഷേമവും, പൊതുവിദ്യാഭ്യാസം |
| 11 | ഇത്തരം പീഡനങ്ങൾ യഥാസമയം ക്ലാസ് ടീച്ചർ/സ്കൂൾ ഹെഡ്മാസ്റ്റർ/പി.ടി.എ. ഭാരവാഹികൾ എന്നിവർക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് കുട്ടികളിൽ ബോധവൽക്കരണം ഫലവത്തായി നടത്തണമെന്നും ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സംഭവങ്ങൾ അടിയന്തിരമായി പി.ടി.എ. യോഗം ചേർന്ന് പരിശോധിച്ച് ക്രിയാത്മകമായ നടപടികൾ സ്വീകരിച്ച് ഉന്നതാധികാരികൾക്ക് റിപ്പോർട്ട് ചെയ്യണമെന്നും അവയ്ക്കുമേൽ ഇപ്പോഴുള്ള നിയമവ്യവസ്ഥയ്ക്കനുസൃതമായി അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 16 | പൊതുവിദ്യാഭ്യാസം |
| 12 | ആയതിനാൽ ലൈംഗിക വിദ്യാഭ്യാസം കൗമാരക്കാരായ വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 17 | പൊതുവിദ്യാഭ്യാസം |
| 13 | ആയതിനാൽ ഇത്തരം കുറ്റകൃത്യങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നതിനും പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനും സഹായകമാകുംവിധമുള്ള ബോധവൽക്കരണപരിപാടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾവഴിയും വിവിധ മാധ്യമങ്ങളിലൂടെയും നടപ്പിൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 18 | സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം |
| 14 | ഇവരുടെ പുനരധിവാസം, വിദ്യാഭ്യാസം, സംരക്ഷണം എന്നിവയ്ക്കായി നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കുകയും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 19 | സാമൂഹ്യനീതി |

| (1) | (2) | (3) | (4) |
|---|---|---|---|
| 15 | ചൂഷണത്തിനിരയാകുന്ന കുട്ടികൾക്ക് ആവശ്യമായ വൈദ്യസഹായവും നിയമ സഹായവും നൽകുന്നതിനായി നിയമോപദേശ കരും സാമൂഹ്യപ്രവർത്തകരും ഉൾപ്പെടുന്ന 'ചൈൽഡ് ലീഗൽ എയിഡ് ആന്റ് ഗൈഡ്‌ലൈൻ കമ്മിറ്റി' രൂപീകരിക്ക ണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 20 | സാമൂഹ്യനീതി |
| 16 | പോലീസ്-മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടു മെന്റുകളുടെ സംയുക്ത പ്രവർത്തന ത്തിലൂടെ വാഹന പരിശോധന നടത്തി യാത്രാ സംബന്ധമായ വിവിധ പരാതികൾ പരിഹരിച്ച് കുട്ടികൾക്ക് സുരക്ഷിതത്വ ത്തോടെയും സൗകര്യപ്രദമായും യാത്ര ചെയ്യുന്നതിനുതകുന്ന സാഹചര്യം സൃഷ്ടി ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 21 | ഗതാഗതം, ആഭ്യന്തരം |
| 17 | ആയതിനാൽ കുട്ടികൾക്കെതിരെയുള്ള അതി ക്രമങ്ങളും ലൈംഗികപീഡനവും സംബ ന്ധിച്ച കേസുകൾ ദ്രുതഗതിയിൽ കൈകാര്യം ചെയ്യുന്നതിനും നിയമ നടപടികൾ പൂർത്തി യാക്കി ശിക്ഷ നടപ്പിലാക്കുന്നതിനുംജില്ലാ കോടതികളോടനുബന്ധിച്ച് 'അതിവേഗ കോടതി' സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 22 | ആഭ്യന്തരം |
| 18 | ആയതിനാൽ, ശാരീരിക-മാനസിക വൈകല്യ മുള്ള കുട്ടികൾ ഏതെല്ലാം തലങ്ങളിൽ ചൂഷണം ചെയ്യപ്പെടുന്നു എന്ന് പരിശോധിച്ച് കണ്ടെത്തി അതാതുതലങ്ങളിൽ പ്രായോഗിക മായ പരിഹാരമാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകണമെന്നും അവ നടപ്പിലാക്കുന്ന തിന് ഫലപ്രദമായ ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇത്തരം കേസ്സുകളിൽ കുറ്റക്കാരായി കണ്ടെത്തുന്ന വർക്കെതിരെ സമയബന്ധിതമായി കർശന ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | 23 | സാമൂഹ്യനീതി, ആഭ്യന്തരം |

| (1) | (2) | (3) | (4) |
|---|---|---|---|
| 19 | ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും നിരുത്തരവാദപരമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി കർശന വകുപ്പുതല ശിക്ഷാനടപടികൾ സമയബന്ധിതമായി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 24 | സാമൂഹ്യനീതി |
| 20 | അതിനാൽ 'നിർഭയ' പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണം സംബന്ധിച്ച് സർക്കാർ സ്കൂളുകളിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന നടപടിക്രമങ്ങൾ എല്ലാ സ്വകാര്യ സ്കൂളുകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 25 | സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം |
| 21 | ഇത്തരം പരിപാടികൾ സംപ്രേഷണത്തിനു മുൻപ് പരിശോധിച്ച് സെൻസറിംഗ് നടത്തുന്നതിന് ഇപ്പോൾ കാര്യക്ഷമമായ സംവിധാനം ഇല്ലായെന്ന് സമിതി വിലയിരുത്തുന്നു. ബന്ധപ്പെട്ടവർ അടിയന്തിര ശ്രദ്ധചെലുത്തി ആയത് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 26 | സാമൂഹ്യനീതി, സാംസ്കാരികം, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് |
| 22 | ആയതിനാൽ ഇത്തരം ഷോകളിൽനിന്നും എസ്.എം.എസ്. പൂർണ്ണമായും ഒഴിവാക്കി കുട്ടികളുടെ സർഗ്ഗാത്മകത മാത്രം പരിശോധിക്കപ്പെടുന്നതിനായി പരിമിതപ്പെടുത്തണമെന്നും മത്സരത്തിന് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യത ആരായണമെന്നും വ്യത്യസ്തവും വിലപിടിപ്പുള്ളതുമായ വേഷങ്ങളും അലങ്കാരങ്ങളും ഒഴിവാക്കി കുട്ടികളുടെ മാനസികാവസ്ഥ കൂടി പരിഗണിക്കാൻ കഴിയുന്ന വിധികർത്താക്കളെ ഉൾപ്പടുത്തി അവരുടെ സർഗ്ഗാത്മകതയ്ക്ക് മുൻതൂക്കം നൽകുന്ന വിധത്തിൽ വിധിനിർണ്ണയം നടത്തണമെന്നും മറ്റഭിപ്രായങ്ങൾ പൊതുവേദിയിൽ ഒഴിവാക്കണമന്നും സമിതി നിർദ്ദേശിക്കുന്നു. | 33 | ” |

| (1) | (2) | (3) | (4) |
|---|---|---|---|
| 23 | ഈ വിഷയത്തിലെ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി മീഡിയായെക്കൂടി ഉൾക്കൊള്ളിച്ച് തുറന്ന ചർച്ചകൾ ജില്ലാടിസ്ഥാനത്തിൽ നടത്തണമെന്നും മേൽ സൂചിപ്പിച്ച ശില്പശാല അടിയന്തിരമായി സംഘടിപ്പിച്ച് തുടർനടപടികൾ കൈക്കൊള്ളണമെന്നും നിയന്ത്രണങ്ങൾക്ക് ആവശ്യമെങ്കിൽ നിയമനിർമ്മാണംകൂടി നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 36 | സാമൂഹ്യനീതി, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് |
| 24 | അതിനാൽ ഇത്തരം സൈറ്റുകളുടെ പ്രാപ്യതയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് ഐ.റ്റി. വിദഗ്ധർ, സാമൂഹ്യപ്രവർത്തകർ, സൈബർ നിയമവിദഗ്ധർ, മനഃശാസ്ത്രജ്ഞ വിദഗ്ധർ, ആഭ്യന്തര വകുപ്പിലെ സൈബർ വിഭാഗം എന്നിവരുമായി കൂടിയാലോചിച്ച് പരിശോധിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 38 | സാമൂഹ്യനീതി, വിവരസാങ്കേതികം |
| 25 | ഇന്റർനെറ്റ് ഉപയോഗത്തിന്റെ ദൂഷ്യങ്ങൾ സംബന്ധിച്ച് കുട്ടികളും മാതാപിതാക്കളും ഉൾപ്പെടെയുള്ള പൊതുജനത്തെ ബോധവൽക്കരിക്കുന്നതിനായി റേഡിയോ, ടെലിവിഷൻ, പത്രമാധ്യമങ്ങൾ വഴിയും സർക്കാർ സൈറ്റുകളിലൂടെയും പ്രചരണം നടത്തണമെന്നും ഇത്തരത്തിലുള്ള പ്രചരണങ്ങളിൽ ഇന്റർനെറ്റിന്റെയും സോഷ്യൽ മീഡിയയുടെയും ഉപയോഗം വ്യക്തിസ്വാതന്ത്ര്യത്തിന്റെ പരിധികടക്കുന്നത് ശിക്ഷാനടപടികളെ ക്ഷണിച്ചുവരുത്തുമെന്ന് വ്യക്തമാക്കേണ്ടതാണ് എന്നും സമിതി നിർദ്ദേശിക്കുന്നു. | 39 | സാമൂഹ്യനീതി |
| 26 | പരസ്യ പ്രസിദ്ധീകരണത്തിന്റെ അനുവദനീയത സംബന്ധിച്ച മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും അവ ലംഘിക്കുന്നവർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 40 | ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് |

| (1) | (2) | (3) | (4) |
|---|---|---|---|
| 27 | സംസ്ഥാനത്ത് ഇത്തരം പ്രസിദ്ധീകരണങ്ങൾ തടയുന്നതിന് കർശനനടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതോടൊപ്പം ഇതിനായി കൂടുതൽ കർശനനടപടികൾ സ്വീകരിക്കുന്നതിലേക്ക് ആവശ്യമായ നിയമഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 41 | സാമൂഹ്യനീതി |
| 28 | ആയത് ദൂരീകരിക്കുന്നതിനുതകുന്ന വിധത്തിലുള്ള പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 42 | പൊതുവിദ്യാഭ്യാസം |
| 29 | മൊബൈൽ ഫോൺ ദുരുപയോഗം ചെയ്യുന്നതുമൂലമുളള ഭവിഷ്യത്തുകളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിന് ആവശ്യമായ പ്രചരണം ദൃശ്യ-ശ്രവ്യ പത്രമാധ്യമങ്ങളിലൂടെ നിരന്തരമായി നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 43 | സാമൂഹ്യനീതി |
| 30 | രാഷ്ട്രത്തിന്റെ സമ്പത്തായ കുട്ടികൾ ഉത്തമപൗരന്മാരായി വളരാൻ ഉതകുന്ന വിധം സ്കൂൾ സിലബസിൽ മഹാന്മാരുടെ ജീവിതസംബന്ധിയായ ഉൾക്കാഴ്ചകളും അഭിപ്രായങ്ങളുമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തണമെന്നും അങ്ങനെ അവർക്ക് ശരിയായ ജീവിതാവബോധവും സമൂഹത്തോട് ഉത്തരവാദിത്വവും ഉണ്ടാകുംവിധം സിലബസ് പുനഃസംവിധാനം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു | 44 | പൊതുവിദ്യാഭ്യാസം |
| 31 | കുട്ടികൾ പ്രതികളാകുന്ന കേസ്സുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് അവർക്കിടയിൽ അക്രമവാസന കൂടുന്നു എന്നതിന് തെളിവാണ്. ജുവനൈൽ ജസ്റ്റിസ് ആക്ടനുസരിച്ച് സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും ജില്ലാടിസ്ഥാനത്തിലും നിലവിലുള്ള സംവിധാനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മതിയായ പരിശീലനം നൽകി കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 45 | ആഭ്യന്തരം |

| (1) | (2) | (3) | (4) |
|---|---|---|---|
| 32 | ആയതിനാൽ കൗമാരക്കാരായ ആൺകുട്ടികളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്താനും പെൺകുട്ടികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനും സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 46 | സാമൂഹ്യനീതി |
| 33 | കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ശിശുക്ഷേമ സമിതി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന 'സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി'-യുടെ രൂപീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 47 | ” |
| 34 | ഇത്തരം സ്ഥാപനങ്ങളെ അടിയന്തിരമായി കണ്ടെത്തി അനധികൃതമായി പാർപ്പിച്ചിരിക്കുന്ന കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖേന അംഗീകൃത സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത നടപടിയുടെ വിശദാംശങ്ങൾ അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്നും ശിപാർശ ചെയ്യുന്നു. മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്ന സ്ഥാപനങ്ങൾക്ക് ഔദ്യോഗിക അംഗീകാരം നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കണമെന്നും മാനദണ്ഡങ്ങൾ പാലിക്കാത്ത അനധികൃത സ്ഥാപനങ്ങൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 48 | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 35. | അതിനാൽ സ്വകാര്യ/സർക്കാർ മേഖലയിൽ ജോലി ചെയ്യുന്ന ഇത്തരം കുട്ടികളുള്ള അമ്മമാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുംബങ്ങളിലെ തീരാരോഗം ബാധിച്ച കുട്ടികൾക്ക് ചികിത്സയ്ക്കുവേണ്ടി സാമ്പത്തിക സഹായം അനുവദിക്കാൻ ചികിത്സാ സഹായ പദ്ധതി ആവിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 49 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം |
| 36. | അതിനാൽ കുട്ടികളെ കൂടുതൽ ശ്രദ്ധിക്കുന്നതിനും പരിപാലിക്കുന്നതിനുമായി രക്ഷിതാക്കളുടെ സൗകര്യാർത്ഥം സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളോടനുബന്ധിച്ച് അവശ്യംവേണ്ട സ്ഥാപനങ്ങളിൽ ശിശു സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 50 | സാമൂഹ്യനീതി |